പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 67 8.6.2015 ൽ മറുപടിയ്ക്ക്

കരുതൽ 2015

| ചോദ്യം<br>ശ്രീ.പി.കെ ഗുരുദാസൻ | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) കരുതൽ 2015 ൽ കൊല്ലം ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു എന്നറിയിക്കാമോ ; | എ) കൊല്ലം ജില്ലയിൽ 49,985 അപേക്ഷകൾ ലഭിച്ചു. |
| ബി)പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി)ഓൺലൈൻ മുഖാന്തിരം ലഭിച്ച മുഴുവൻ അപേക്ഷകളിലും നടപടി പൂർത്തിയായിട്ടുണ്ട്. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരുന്നു. |
| സി) കരുതൽ 2015-ന്റെ ഭാഗമായി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചു എന്നറിയിക്കാമോ; | സി) കരുതൽ 2015 ന്റെ ഭാഗമായി 5,18,95,500 രൂപ (അഞ്ച്കോടി പതിനെട്ട് ലക്ഷത്തി തൊണ്ണൂറ്റായ്യായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചിട്ടുണ്ട്. |
| ഡി) ധനസഹായത്തിന് വേണ്ടി ലഭിച്ച അപേക്ഷകളിൽ സഹായം അനുവദിക്കാത്ത അപേക്ഷകൾ എത്രയെന്നറിയിക്കാമോ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിക്കാത്തതിനുളള കാരണം വിശദമാക്കാമോ; | ഡി) 2345 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടില്ല. പ്രസ്തുത അപേക്ഷകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകാത്ത കേസുകളും ഉൾപ്പെടും. |
| ഇ) കരുതൽ 2015 കൊല്ലത്ത് സംഘടിപ്പിച്ചതിനുളള ചെലവ് എത്രയെന്നറിയിക്കാമോ; | ഇ) കരുതൽ 2015 ലെ നടത്തിപ്പിനായി ചെലവാക്കിയ തുക സംബന്ധിച്ച അന്തിമ ബില്ലുകൾ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ 36,63,277 രൂപ (മുപ്പത്തിയാറ് ലക്ഷത്തിഅറുപത്തി മൂവായിരത്തി ഇരുനൂറ്റിയെഴുപത്തിയേഴ് രൂപ) ചെലവായിട്ടുണ്ട്. |
| എഫ്) ഒന്നും രണ്ടും ജനസമ്പർക്ക പരിപാടികളിൽ സമർപ്പിച്ച വിവിധ പരാതികളിൽ തീർപ്പ് ഉണ്ടായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Kuralah

സെക്ഷൻ ഓഫീസർ